(ബി) ഈ തീരുമാനംകൊണ്ടും സ്കൂളുകൾ കൂടുതലായി അനുവദിച്ചിട്ടുള്ളതുകൊണ്ടും തിരുവനന്തപുരം ജില്ലയിൽ കൈപ്രവറു വിദ്യാലയങ്ങളിൽ നിന്നും എത്ര അദ്ധ്യാപകന്മാരെ പിരിച്ചു വിടേണ്ടിവന്നു?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഒരു ഡിവിഷനിൽ 45 വിദ്യാർത്ഥികൾ ആകാമെന്നാണു് വ്യവസ്ഥ. പക്ഷെ ആദ്യത്തെ ഡിവിഷനിൽ 50 വരെ അനുവദിക്കും. അതിൽ കവിഞ്ഞാൽ രണ്ടാമതൊരു ഡിവിഷനും, 95-ൽ കവിഞ്ഞാൽ മൂന്നാമതൊരു ഡിവിഷനും എന്നീ ക്രമത്തിൽ അനുവദിക്കാവുന്നതാണു്.

(ബി) ആരെയും പിരിച്ചുവിടേണ്ടിവന്നിട്ടില്ലെന്നാണറിയുന്നതു്. എന്നാൽ തസ്തികയില്ലാത്ത കാരണത്താൽ 40 പേർക്കു് പുനർനിയമനം ലഭിക്കാതെ വന്നിട്ടുണ്ടു്.

പുതിയ ഗവണ്മെൻറു സ്കൂളുകൾ.

* 202. [36] ശ്രീ. എൻ. കുഞ്ഞുരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതിയ ഗവണ്മെൻറു സ്കൂളുകൾ അനുവദിക്കുന്നുണ്ടോ;

(ബി) ആവശ്യമെന്നു കാണുന്ന സ്ഥലത്തു ഗവണ്മെൻറു സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആയിരത്തിൽപ്പരം ആളുകൾ ചേർന്നു് ഇളമ്പ (ചിറയിൻകീഴു് താലൂക്കിൽ) യു. പി. എസ്. ഉയർത്തി ഹൈസ്കൂൾ ആക്കുന്നതിനു് മെമ്മോറാണ്ടം ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടോ? നിലവിലുള്ള യു. പി. എസ്സു്. ഇക്കൊല്ലംതന്നെ അപ്ഗ്രേഡു് ചെയ്യുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 1964-65-ൽ പുതിയ ഗവണ്മെൻറു സ്കൂളുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഇക്കാര്യം പരിഗണിക്കുന്നതാണു്.

(സി) ഈ അപേക്ഷയും മറ്റുള്ള അപേക്ഷകളോടൊപ്പം പരിഗണിക്കുന്നതാണു്.

സ്വന്തം കെട്ടിടമില്ലാത്ത പ്രൈമറി സ്കൂളുകൾ.

* 203. [40] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ സ്വന്തം കെട്ടിടമില്ലാത്ത എത്ര പ്രൈമറി സ്കൂളുകൾ ഉണ്ടു്;

(ബി) വാടക വകയിൽ ഒരാണ്ടിൽ എത്ര ഉറുപ്പിക ചെലവു വരുന്നുണ്ടു്;

(സി) സ്വന്തം കെട്ടിട നിർമ്മാണത്തിനു് ഗവണ്മെൻറിനു വല്ല പരിപാടിയും ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രകാലം കൊണ്ടാണു് അതു നടപ്പിൽവരുത്തുവാൻ ഉദ്ദേശിക്കുന്നതു്;

(ഇ) മേൽജില്ലയിലെ ക്യാരി ഗവണ്മെൻറു എൽ. പി. സ്കൂൾ കെട്ടിട നിർമ്മാണത്തിനു് ഉള്ള സ്ഥലം വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനു് വിട്ടുകിട്ടിയതു് എന്നാണു്;

(എഫ്) മേൽസ്ഥലത്തു് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യത്തിൽ എന്തു നടപടിയാണു് സ്വീകരിച്ചതു്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) അതിനെ സംബന്ധിച്ച നടപടികൾക്ക് താമസത്തിന് കാരണമെന്ത്;

(എച്ച്) എന്നേക്ക് കെട്ടിടം പണി ആരംഭിക്കും എന്നു പറയുവാൻ ഭയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 284.

(ബി) 68,400 ഉറുപ്പിക.

(സി) ഉണ്ട്.

(ഡി) ധനവിനിയോഗ സാദ്ധ്യതയനുസരിച്ച് ഈ പരിപാടി പഞ്ചവത്സരപദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എത്ര കാലംകൊണ്ട് അതു പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്നു പറയുവാൻ നിവൃത്തിയില്ല.

(ഈ) 7—10—1961—ൽ.

(എഫ്) നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(ജി) ബഡ്ജറ്റ് തുകയ്ക്ക് വിധേയമായി വർഷംതോറും തയ്യാറാക്കിക്കൊണ്ടിരിക്കുന്ന മുൻഗണനാ ലിസ്റ്റനുസരിച്ചാണ് ജോലികൾ ഏറ്റെടുക്കുന്നത്. ഈ ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത സ്കൂളുകളുടെ ആധിക്യവും പണത്തിന്റെ പരിമിതിയും മൂലം ടി സ്കൂളിനു വേണ്ടത്ര മുൻഗണന കൊടുക്കുവാൻ കഴിഞ്ഞില്ല.

(എച്ച്) ഈ വർഷം തന്നെ സാധിക്കുമെന്നാണ് തോന്നുന്നത്.

പറമ്പിക്കുളം നദീജലം പങ്കിടുന്നതിനെ സംബന്ധിച്ച സംഭാഷണം.

*204. [41] ശ്രീ. എം. വി. വാസു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം നദീജലം പങ്കിടുന്നതിനെ സംബന്ധിച്ച് സ്റ്റേറ്റ് ഗവണ്മെന്റും മദിരാശി ഗവണ്മെന്റും നടത്തിവന്നിരുന്ന സംഭാഷണം പൂർത്തിയായോ;

(ബി) ഇതു സംബന്ധിച്ച് ഇരു ഗവണ്മെന്റുകളും തമ്മിൽ വല്ല കരാറിലും എത്തിച്ചേരുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ കരാറിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നു പറയാമോ;

(ഡി) പാലക്കാട് ജില്ലയിലെ ചിറ്റൂർ ഭാഗത്തിനും തൃശ്ശൂർ ജില്ലയിലെ പാലക്കാടി ഭാഗത്തിനും എത്ര കണ്ട് വെള്ളം കിട്ടുമെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഇല്ല.

(ബി) ഇരു ഗവണ്മെന്റുകളും തമ്മിൽ അടിസ്ഥാനപരമായ ചില ധാരണകളിൽ എത്തിച്ചേർന്നിട്ടുണ്ടെങ്കിലും വിശദാംശങ്ങളെ സംബന്ധിച്ച് ഇനിയും തീരുമാനമായിട്ടില്ല.

(സി) 'എ' യുടെയും 'ബി'യുടെയും ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) കരാറിന്റെ വിശദാംശങ്ങൾ പൂർത്തിയായതിനുശേഷമേ, ഇതു പറയുവാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly